# 2019-ലെ കേരള [illegible] (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1143/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 5 |

## സബ്ജക്ട് കമ്മിറ്റി IX
### (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
### (2019-2021)

**ഘടന**

**ചെയർമാൻ :**

ശ്രീ. എ. സി. മൊയ്തീൻ,

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

**എക്സ്-ഒഫീഷ്യോ അംഗം :**

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

**അംഗങ്ങൾ :**

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ടി. ജെ. വിനോദ്.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 219), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2019 ഒക്ടോബർ 22-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 5-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2019 നവംബർ 5.

അനുബന്ധം I

## 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനുള്ള വിയോജനക്കുറിപ്പ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം ഖരമാലിന്യങ്ങളും, ചവറും, മറ്റ് മാലിന്യങ്ങളും, അപ്രകാരമുള്ള മറ്റ് വസ്തുക്കളും രണ്ടോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ശേഖരിച്ച് കൊണ്ടുപോയി സംസ്കരിക്കുന്നതിന് പദ്ധതി ഏറ്റെടുക്കുവാൻ നിബന്ധനയുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ള ഭൂമി ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ഏറ്റെടുക്കുവാൻ അധികാരം നൽകുന്നതിനാണ് ഭേദഗതി കൊണ്ട് വന്നിട്ടുള്ളത്. സർക്കാർ അപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്ത് താമസിക്കുന്ന സ്ഥലവാസികളുടെ അഭിപ്രായം ആരായുന്നതിനും, അവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രസ്തുത സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചില്ലെങ്കിൽ വിളപ്പിൽശാലയിൽ സംഭവിച്ചത് പോലുള്ള പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകുവാൻ സാധ്യതയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി അവരുടെ അഭിപ്രായം ആരായാതെ സർക്കാർ സ്വമേധയാ ഏറ്റെടുത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് അധികാരവികേന്ദ്രീകരണത്തിന് പകരം അധികാര കേന്ദ്രീകരണത്തിന് ഇടയാക്കും. ഈ ഭേദഗതി നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം മൂല നിയമത്തിലെ 224-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ പൊതു സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നിലവിൽ അഞ്ച് വ്യത്യസ്ത വകുപ്പുകളായി നിലകൊള്ളുന്ന ഗ്രാമവികസനം, നഗരവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരാസൂത്രണം, പഞ്ചായത്ത് വകുപ്പുകളെ സംയോജിപ്പിക്കുവാൻ എടുത്തിരിക്കുന്ന നടപടികൾ ശാസ്ത്രീയമായ പഠനം നടത്താതെയും, വിവിധ വകുപ്പുകളായി നിലകൊള്ളുന്നവയിലെ ജീവനക്കാരെ മുഴുവൻ വിശ്വാസത്തിലെടുക്കാതെയുമാണ്. ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. അതിനാൽ ഈ ഭേദഗതിയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| മഞ്ഞളാംകുഴി അലി | (ഒപ്പ്) |
| അനിൽ അക്കര | (ഒപ്പ്) |
| പി. ഉബൈദുള്ള | (ഒപ്പ്) |
| ടി. ജെ. വിനോദ് | (ഒപ്പ്) |

അനുബന്ധം II

# 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഈ ആക്ടിലെ 5-ാം വകുപ്പ് 2019 മാർച്ച് 2-ാം തീയതിയും ശേഷിക്കുന്ന വകുപ്പുകൾ 2019 മാർച്ച് 6-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 48-ാം വകുപ്പിനുള്ള ഭേദഗതി.— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനു ശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 48-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "സർക്കാർ സർവ്വീസിൽ നിർണ്ണയിക്കപ്പെടുന്ന കേഡറിലുള്ള " എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ, അതതുസമയം, നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന ശമ്പളവും അലവൻസുകളും കൂടാതെ അവധിക്കാല ശമ്പളം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്കായി സർക്കാരിന്റെ കീഴിലുള്ള അയാളുടെ സേവന വ്യവസ്ഥകൾ പ്രകാരം അയാളോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ടതായ അംശദായങ്ങൾ മുനിസിപ്പാലിറ്റി, സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.

(3എ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിമാരുടെ തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ സെക്രട്ടറിമാരെ, സർക്കാരിനു ആവശ്യമെന്ന് തോന്നുന്ന മറ്റു സർക്കാർ ജീവനക്കാരോടൊപ്പം ഉൾപ്പെടുത്തി സംസ്ഥാനത്തിനൊട്ടാകെയോ അല്ലെങ്കിൽ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായോ കേഡറായോ രൂപീകരിക്കുന്നതിനു കൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.".

3. <u>222-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 222-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിൽ "പൊതുമുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം" എന്ന വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരും ജീവനക്കാരും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണ്.

(1എ) മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും, സർക്കാർ, അതതു സമയം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളവും അലവൻസുകളും മുനിസിപ്പാലിറ്റി നൽകേണ്ടതും സർക്കാരിന്റെ കീഴിലെ അവരുടെ സേവന വ്യവസ്ഥകൾ പ്രകാരം അവധിക്കാല ശമ്പളം, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട് എന്നിവയിലേക്ക് അവരോ അവർക്കുവേണ്ടിയോ നൽകേണ്ടതായ അംശദായങ്ങൾ നൽകേണ്ടതുമാണ്.

(1ബി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്റ്റ് (1968-ലെ 19) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്.".

4. 224-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 224-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "മുനിസിപ്പൽ പൊതു സർവ്വീസിൽ" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണവകുപ്പ് പൊതു സർവ്വീസിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 326-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 326-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്, പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൈവശത്തിലുള്ളതുമായ ഏതെങ്കിലും ഭൂമി, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം വഴി, ഏറ്റെടുക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2019-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 5.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*